DESPATCHED
On..17/01/2020

07/01/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

## ഹർജി നമ്പർ AP No.1217(4)/2013/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.8090/എസ്.ഐ.സി–ജി 2/2013)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. അനിൽകുമാർ,
കെ.സി.ഭവൻ,
ശാസ്താംകോണം, കീഴാറൂർ പി.ഒ,
നെയ്യാറ്റിൻകര– 695 124. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ,
കേരള വാട്ടർ അതോറിറ്റി,
വാട്ടർ സപ്ലൈ സെക്ഷൻ,
നെയ്യാറ്റിൻകര.

2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ,
കേരള വാട്ടർ അതോറിറ്റി,
വാട്ടർ സപ്ലൈ സെക്ഷൻ,
പാറശ്ശാല.

3. അപ്പീൽ അധികാരി &
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
കേരള വാട്ടർ അതോറിറ്റി,
വാട്ടർ സപ്ലൈ സെക്ഷൻ,
നെയ്യാറ്റിൻകര.

} എതിർകക്ഷികൾ

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിയായ നെയ്യാറ്റിൻകര വാട്ടർ സപ്ലൈ ഡിവിഷനിലെ എസ്.പി.ഐ.ഒ യ്ക്ക് 25.01.2013 ൽ നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ലഭിച്ചില്ല എന്ന് കാട്ടിയാണ് ടിയാൻ 11.06.2013 ൽ കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് 25.06.2013 ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് 25.06.2013 ൽ രണ്ടാം എതിർകക്ഷി റിപ്പോർട്ട് സമർപ്പിച്ചു.

3. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ പാറശാല അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭ്യമാക്കേണ്ടവയായിരുന്നു എന്നും അതുകൊണ്ട് ടിയാന്റെ അപേക്ഷ 05.02.2013 ൽ പാറശാല എ.ഇ യ്ക്ക് അയച്ചു കൊടുക്കുകയും, തുടർന്ന് പാറശാല എ.ഇ 12.02.2013 ൽ മറുപടി നൽകുകയും ചെയ്തതാണെന്ന് റിപ്പോർട്ടിൽ പറഞ്ഞു. ഇതിന് ശേഷം ടിയാൻ 19.02.2013 ൽ നെയ്യാറ്റിൻകര എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപ്പീൽ നൽകുകയും, നെയ്യാറ്റിൻകര എക്സിക്യൂട്ടീവ് എഞ്ചിനീയർ ടിയാന് വിവരങ്ങൾ ലഭിക്കുന്നതിനുവേണ്ടി ഫോട്ടോസ്റ്റാറ്റ് ചാർജ്ജിനത്തിൽ 722/- രൂപ അടച്ച് രസീത് ഹാജരാക്കേണ്ടതാണെന്നും കാണിച്ച് 20.03.2013 ൽ കത്ത് അയക്കുകയും ചെയ്തു. എന്നാൽ അതിനു ശേഷം ടിയാൻ പണം അടയ്ക്കാനോ, രേഖകൾ കൈപ്പറ്റാനോ ശ്രമിച്ചിട്ടില്ലെന്നു റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി.

4. ഇതിന് ശേഷം 06.01.2020 ൽ കമ്മീഷൻ തിരുവനന്തപുരത്ത് ആസ്ഥാനത്ത് ഹിയറിങ്ങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

RIGHT TO INFORMATION

5. നേരത്തെ റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ ഒന്നാം എതിർകക്ഷി ഹിയറിങ്ങിലും ആവർത്തിച്ചു. ഒന്നാം എതിർകക്ഷിയുടെ മൊഴിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, കമ്മീഷൻ താഴെപ്പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നു. അപ്പീൽ ഹർജിക്കാരന്റെ 25.01.2013 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 12.02.2013 ൽ നൽകിയ മറുപടി പൂർണമായും വിവരാവകാശ നിയമം അനുശാസിക്കുന്ന മട്ടിൽ അല്ല.

6. 3-ാം ചോദ്യത്തിനുള്ള മറുപടിയ്ക്ക് പാറശാല സെക്ഷൻ ഓഫീസുമായി നേരിട്ട് ബന്ധപ്പെട്ട് ആവശ്യമായ രേഖകൾ എന്തൊക്കെ എന്ന് വിശദീകരിച്ച് നൽകേണ്ടതും അത് പ്രകാരമുള്ള ഫീസ് അടയ്ക്കുന്ന മുറയ്ക്ക് വിശദാംശങ്ങൾ നൽകുന്നതുമാണെന്നാണ്.

7. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളോ രേഖകളോ ഒന്നാം എതിർകക്ഷിയുടെ ഓഫീസിൽ ഇല്ല എങ്കിൽ, അവ പാറശാല സെക്ഷൻ ഓഫീസിൽ നിന്നാണ് ലഭ്യമാക്കേണ്ടതെങ്കിൽ, അപ്പീൽ ഹർജിക്കാരന്റെ അപേക്ഷ കൈപ്പറ്റി 5 ദിവസത്തിനുള്ളിൽ ആയത് വിവരാവകാശ നിയമത്തിന്റെ 6(3) വകുപ്പ് പ്രകാരം പാറശാല സെക്ഷൻ ഓഫീസിലേയ്ക്ക് കൈമാറുകയും, അവിടെ നിന്ന് വിവരങ്ങൾ തേടാം എന്ന കാര്യം അപ്പീൽ ഹർജിക്കാരനെ അറിയിക്കേണ്ടതുമായിരുന്നു. എന്നാൽ അങ്ങനെ ചെയ്യാൻ ഒന്നാം എതിർകക്ഷി തയ്യാറായിട്ടില്ല. 6,7,9 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടിയായി ഒന്നാം എതിർകക്ഷി പറഞ്ഞിട്ടുള്ളത്, ഓഫീസിൽ നേരിട്ട് ബന്ധപ്പെട്ട് രേഖകൾ പരിശോധിക്കാവുന്നതാണെന്നും പകർപ്പ് എടുക്കുന്നതിന് ആവശ്യമായ ഫീസ് അടയ്ക്കുന്ന മുറയ്ക്ക് രേഖകളുടെ പകർപ്പ് നൽകുന്നതാണ് എന്നുമാണ്.

8. രേഖകൾ വളരെയേറെയാണ് എന്നുണ്ടെങ്കിൽ അപേക്ഷകനോട് നേരിട്ട് ഓഫീസിൽ എത്തി പരിശോധിക്കാം എന്ന് പറയുന്നതിൽ തെറ്റ് ഒന്നും കാണേണ്ടതില്ല. എന്നാൽ ഫീസ് അടയ്ക്കുന്ന മുറയ്ക്ക് പകർപ്പുകൾ നൽകാം എന്ന കേവലമായ മറുപടി നിയമപരമല്ല. അപേക്ഷകൻ

ആവശ്യപ്പെടുന്ന രേഖകളുടെ പകർപ്പ് എത്ര പേജ് വരുമെന്നും അതിന് എ4 സൈസിലുള്ള പേജ് ഒന്നിന് രണ്ട് രൂപ ക്രമത്തിൽ മൊത്തം വരുന്ന തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കണം എന്നുമുള്ള കാര്യം ഒന്നാം എതിർകക്ഷി മറുപടിയിൽ വ്യക്തമാക്കേണ്ടതായിരുന്നു. അത് ചെയ്തിട്ടില്ല. പിന്നീട്, 20.03.2013 ൽ (അതായത് വിവരവാകാശ അപേക്ഷയ്ക്ക് മറുപടി നൽകേണ്ട സമയത്തിനും 50 ലേറെ ദിവസങ്ങൾക്ക് ശേഷം) നൽകിയ കത്തിൽ ഓരോ രേഖയ്ക്കും ഇത്ര ഇത്ര രൂപ വേണം എന്ന് പറയുന്നുണ്ട്. അതിലും, ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കണം എന്ന് പറഞ്ഞിട്ടില്ല. ഈ മറുപടിയിലൊന്നും അപ്പീൽ അധികാരിയെക്കുറിച്ച് പരാമർശിക്കാത്തതും കുറ്റകരമായ കാര്യം ആണ്. കൂടാതെ ഒന്നാം അപ്പീലിന് മറുപടി നൽകിയിരിക്കുന്നത് എസ്.പി.ഐ.ഒ ആണ്. ഒന്നാം അപ്പീൽ അധികാരി അപ്പീൽ തീർപ്പാക്കിയിട്ടില്ല.

9. ഇതിന് ശേഷം, 08.07.2013 ൽ ഒന്നാം അപ്പീലധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ കമ്മീഷന് നൽകിയ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് രേഖകളുടെ പകർപ്പുകൾക്ക് 722/- രൂപ അടച്ച് രസീത് ഹാജരാക്കണമെന്ന് നിർദേശിച്ചിട്ട് അപ്പീൽ ഹർജിക്കാരൻ അത് ചെയ്യാൻ തയ്യാറായില്ല എന്നാണ്. ഒന്നാം അപ്പീലധികാരിയുടെ ഈ പരാമർശവും അംഗീകരിക്കാൻ കഴിയുന്നതല്ല. കാരണം വിവരാവകാശ അപേക്ഷ പ്രകാരം ആവശ്യപ്പെടുന്ന രേഖകൾ 30 ദിവസത്തിനുള്ളിൽ നൽകുകയാണെങ്കിൽ മാത്രമേ അപേക്ഷകനോട് നിശ്ചിത ഫീസ് ഈടാക്കാൻ നിയമം അനുശാസിക്കുന്നുള്ളൂ. അപേക്ഷയിന്മേൽ അപ്പീൽ പരിഗണിക്കുന്ന ഘട്ടത്തിൽ രേഖകളുടെ പകർപ്പുകൾക്ക് എത്ര തുക വേണ്ടിവന്നാലും അത് അടയ്ക്കാൻ അപേക്ഷകൻ ബാധ്യസ്ഥൻ അല്ല. ടിയാന് അവ പൂർണമായും സൗജന്യമായി ലഭിക്കാൻ അവകാശമുണ്ട്.

10. ഇവയുടെ എല്ലാം അടിസ്ഥാനത്തിൽ കമ്മീഷൻ താഴെപറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷ

രണ്ടും മൂന്നും എതിർകക്ഷികൾ കൈകാര്യം ചെയ്തത് നിയമപരമായ രീതിയിൽ അല്ല. നിയമം അനുവദിക്കാത്ത തരത്തിലാണ് അപ്പീൽ ഹർജിക്കാരനോട് പകർപ്പുകൾക്ക് ഫീസ് അടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും രണ്ടാം എതിർകക്ഷി ഈ ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചയ്ക്കകം പൂർണമായും സൗജന്യമായി ടിയാന് നൽകേണ്ടതാണ്. ഒപ്പം നിയമം അനുശാസിക്കുന്ന മട്ടിൽ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാതിരുന്ന പരാമർശിത കാലയളവിലെ രണ്ടും മൂന്നും എതിർകക്ഷികൾക്കെതിരെ നടപടിയെടുക്കാതിരിക്കാൻ കാരണങ്ങൾ ഉണ്ടെങ്കിൽ ആയതും ഈ ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ കമ്മീഷനെ അറിയിക്കേണ്ടതാണ് എന്ന് നിർദേശിച്ചുകൊണ്ട് ഇന്നേദിവസം 07.01.2020ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

re